07/12/2024

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA


Chief Editor: Nizam S A     Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS)07/12/2024

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൻ്റെ നിയന്ത്രണത്തിലുള്ള സംസ്ഥാന കീടനിരീക്ഷണ കേന്ദ്രം മങ്കൊമ്പിന്റെ പുതിയ ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം കളർകോട് അഗ്രി കോപ്ലക്സിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഇന്ന് (07.12.2024) ഉച്ചയ്ക്ക് രണ്ട് മണിക്ക് നിർവ്വഹിക്കുന്നതാണ്.

2. തിരുവനന്തപുരം ജില്ലയിലെ താലൂക്ക് തല പരാതി പരിഹാര അദാലത്ത് ഡിസംബർ 9 മുതൽ 17 വരെ മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. 9 ന് തിരുവനന്തപുരം താലൂക്ക്, 10ന് നെയ്യാറ്റിൻകര താലൂക്ക്, 12ന് നെടുമങ്ങാട് താലൂക്ക്, 13ന് ചിറയിൻകീഴ് താലൂക്ക്, 16ന് വർക്കല താലൂക്ക 17ന് കാട്ടാക്കട താലൂക്ക് എന്നിങ്ങനെയാണ് അദാലത്തുകൾ നടക്കുന്നത്.

3. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചുങ്കത്തറ ജില്ലാ കൃഷി ഫാമിൽ ജനുവരി രണ്ട് മുതൽ ആറ് വരെ അന്താരാഷ്ട്ര കാർഷിക പ്രദർശന വിപണന മേള നിറപൊലി അഗ്രി എക്സ്പോ നടത്തുന്നു. സംസ്ഥാന കാർഷിക വികസന- കർഷക കേ വകുപ്പിൻ്റെ സ്ഥാപനങ്ങളുടെ സ്റ്റാളുകൾക്ക് പുറമെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന രാജ്യത്തെ വിവിധ സ്ഥാപനങ്ങളുടെ നൂറോളം സ്റ്റാളുകൾ മേളയിൽ ഉണ്ടാവും. വിവിധങ്ങളായ നടീൽ വസ്തുക്കൾ, മൂല്യവർധിതകാർഷികോൽപന്നങ്ങൾ എന്നിവയുടെ പ്രദർശനവും വിൽപ്പനയും മേളയിലുണ്ടാവും. ആധുനിക കാർഷിക യന്ത്രസാമഗ്രികളുടെ പ്രദർശനം, വിദ്യാർഥികൾക്കായി വിവിധ മൽസരങ്ങൾ, കുട്ടികൾക്കുള്ള പിക്നിക് പാർക്ക് ഫുഡ് കോർട്ട് തുടങ്ങിയവയും സജ്ജീകരിക്കും. മേളയോടനുബന്ധിച്ച് വിവിധ വിഷയങ്ങളിൽ കാർഷിക സെമിനാറുകളും സംഘടിപ്പിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

4. മത്സ്യഫെഡിൻറെ കീഴിലുള്ള മാപ്പിളബേ ഹാച്ചറിയിൽ ജഘ 10 മുതലുള്ള (PCR നെഗറ്റീവ്) വനാമി ചെമ്മീൻ കുഞ്ഞുങ്ങളും തിരുമുല്ലാവാരം (കൊല്ലം), കയ്പമംഗലം (തൃശ്ശൂർ), വെളിയംകോട് (മലപ്പുറം) ഹാച്ചറികളിൽ PL 10 മുതൽ PL 20 വരെയുള്ള (ജഇഞ നെഗറ്റീവ്) ഗുണമേന്മയുള്ള കാരചെമ്മീൻ കുഞ്ഞുങ്ങളും ലഭ്യമാണ്. ആവശ്യമുള്ളവർ താഴെപ്പറയുന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്. മാപ്പിളബേ: 6282192258, തിരുമുല്ലാവാരം: 9526041061, കയ്പമംഗലം: 9526041119, വെളിയംകോട്: 0494 2607750.

5. റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ പുനലൂർ ആയിരനല്ലൂർ എസ്റ്റേറ്റിൽ ഹൈ ടെൻഷൻ ലൈനിന് കീഴിലുള്ള അത്യുൽപാദന ശേഷിയുള്ള കശുമാവുകൾ വിളവെടുപ്പി ന് തയാറായി. 13.67 ഹെക്ടറോളം ഏരിയയിലെ വിളവെടുപ്പിനുള്ള ദർഘാസ് ലേലം ഒമ്പതിന് രാവിലെ 10ന് എസ്റ്റേറ്റ് ഓഫിസിൽ നടത്തും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0475 2250485.

6. ഇടുക്കി ജില്ലയിലെ സംസ്ഥാന വിത്തുൽപാദന കേന്ദ്രം കരിമണ്ണൂരിൽ പരിപാലിച്ച് വരുന്ന എച്ച്എഫ് ഇനത്തിൽ പെട്ട പശുവിനെ ഡിസംബർ 18 ന് പകൽ 3 മണക്ക് പരസ്യലേലം നടത്തി വിൽപ്പന നടത്തുമെന്ന് സീനിയർ അഗ്രികൾച്ചറൽ ഓഫീസർ സംസ്ഥാന വിത്തുൽപാദന കേന്ദ്രം കരിമണ്ണൂർ അറിയിച്ചു.

### പരിശീലന പരിപാടി

7. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഡിസംബർ 09 മുതൽ 20 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ **'ക്ഷീരോല്പന്ന നിർമ്മാണ പരിശീലനം'** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471- 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം - 695004, Email ID: principaldtctvm@gmail.com

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഡിസംബർ മാസം 17, 18 തീയതികളിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിലും 21ന് കാട വളർത്തൽ എന്ന വിഷയത്തിലും പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ 0471 2732918 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം